**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 68** — **22-02-2022 - ൽ മറുപടിയ്ക്ക്**

**അതിവേഗ റെയിൽ പാത**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ സി എച്ച് കുഞ്ഞമ്പു,<br>ശ്രീ. എൻ.കെ. അക്ബർ,<br>ശ്രീ എം എസ് അരുൺ കുമാർ,<br>ശ്രീ. കെ. ജെ. മാക്സി | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | തിരുവനന്തപുരം മുതൽ കാസർഗോഡ് വരെ അതിവേഗ റെയിൽ പാത ആരംഭിക്കുന്നതിന് 2011-2016 കാലയളവിലെ സർക്കാർ തീരുമാനിച്ച് പ്രഖ്യാപനം നടത്തിയിരുന്നോ എന്ന് വ്യക്തമാക്കാമോ; | (എ) | 2009 ലെ ബജറ്റ് പ്രസംഗത്തിൽ കാസർഗോഡിനെയും തിരുവനന്തപുരത്തെയും ബന്ധിപ്പിക്കുന്ന ഒരു ഹൈ സ്പീഡ് റെയിൽ കോറിഡോർ കേരളത്തിൽ സ്ഥാപിക്കാൻ വിഭാവനം ചെയ്യുന്നുണ്ട് എന്ന് പ്രഖ്യാപിച്ചിരുന്നു. ഇതിന് തുടർച്ചയായി പദ്ധതിയുടെ മുൻകൂർ സാധ്യതാ പഠനം നടത്തുവാനായി ഡൽഹി മെട്രോ റെയിൽ കോർപ്പറേഷനെ (DMRC) ചുമതലപ്പെടുത്തുകയും തുടർന്ന് 13.02.2012 -ൽ കൂടിയ സർവ്വകക്ഷി സമ്മേളനത്തിന്റെ തീരുമാന പ്രകാരം വിശദമായ പദ്ധതിരേഖ (DPR) തയ്യാറാക്കുന്നതിനുള്ള ചുമതല DMRC -യെ ഏൽപ്പിക്കുകയുമുണ്ടായി. പദ്ധതി നടപ്പിലാക്കുന്നതിനായി, ഒരു പബ്ലിക് ലിമിറ്റഡ് കമ്പനി – "കേരള ഹൈ സ്പീഡ് റെയിൽ കോർപ്പറേഷൻ ലിമിറ്റഡ് (KHSRCL)" എന്ന പേരിൽ രജിസ്റ്റർ ചെയ്യുകയും ചെയ്തിരുന്നു. |
| (ബി) | അതിവേഗ റെയിൽ പദ്ധതിയ്ക്ക് പ്രസ്തുത സർക്കാർ ബജറ്റിൽ തുക അനുവദിച്ചിരുന്നുവോ; തുക ചെലവഴിച്ചിട്ടുണ്ടോ; വിശദാംശം നൽകാമോ; | (ബി) | അതിവേഗ റെയിൽ പദ്ധതിയ്ക്കായി 2011-16 കാലയളവിൽ വകയിരുത്തിയ ബജറ്റ് വിഹിതവും ചെലവും ചുവടെ ചേർക്കുന്നു. സാമ്പത്തിക വർഷം ബജറ്റ് വിഹിതം ചെലവ് റിമാർക്സ് (തുക ലക്ഷത്തിൽ) 2011-12 5000 5000 2011-12 ലെ ആദ്യ ഉപധനാഭ്യർത്ഥനയിൽ 50 കോടി രൂപ അനുവദിച്ചു 2012-13 100 100 2013-14 1 0 2014-15 1 0 2015-16 1 0 |
| (സി) | പ്രസ്തുത പദ്ധതിയ്ക്കായി കൺസൾട്ടൻസിയെ നിയമിച്ചിരുന്നോ; എങ്കിൽ കൺസൾട്ടൻസി എന്തൊക്കെ പ്രവർത്തനങ്ങൾ നടത്തി; ഈയിനത്തിൽ എത്ര തുക ചെലവഴിച്ചു; വിശദാംശങ്ങൾ നൽകാമോ? | (സി) | ടി പദ്ധതിയുടെ സാധ്യതാപഠനം നടത്തുന്നതിനായി ഡൽഹി മെട്രോ റെയിൽ കോർപ്പറേഷനെ ചുമതലപ്പെടുത്തിയിരുന്നു. ഡൽഹി മെട്രോ റെയിൽ കോർപ്പറേഷൻ സമർപ്പിച്ച Key Plan and Alignment drawing showing the locations of the proposed stations, future stations, depot etc. |

| | | | |
|---|---|---|---|
| | | | 13.01.2011 ലെ സ.ഉ.(സാധാ) നം.67/2011/വ്യവ. പ്രകാരം അംഗീകാരം നല്കിയിട്ടുള്ളതാണ്. ടി പഠനത്തിനായുള്ള കൺസൾട്ടൻസി ഫീ 10 കോടി രൂപ (സർവീസ് ടാക്സ് ഉൾപ്പെടാതെ) ആയിരുന്നു. DMRC പദ്ധതിയുടെ Draft Feasibility Report സമർപ്പിച്ചതിന്റെ ഭാഗമായി 9 കോടി രൂപ (സർവീസ് ടാക്സ് ഉൾപ്പെടാതെ) DMRC -ക്ക് നൽകിയിരുന്നു. |

സെക്ഷൻ ഓഫീസർ